# പലിശ

[ Malayalam]

# الربا

[ باللغة مليالم ]


തയ്യാറാക്കിയത്: നിച്ച് ഓഫ് ട്രൂത്ത്

إعداد :جمعية مشكاة الحق

എഡിറ്റർ: മുഹമ്മദ് കുട്ടി കടന്നമണ്ണ

مراجعة :محمد كوتي أبو بكر



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض-المملكة العربية السعودية

islamhouse.com

1431- 2010

بسم الله الرحمن الرحيم

عَنْ جَابِرٍ قَالَ: ( لَعَنَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْـهِ وَسَـلَّمَ آكِـلَ الرِّبَـا وَمُؤْكِلَـهُ وَكَاتِبَهُ وَشَاهِدَيْهِ وَقَالَ هُمْ سَوَاءٌ ) ( مسلم، ترمذي )

ജാബിർ(ﷺ) പറയുന്നു: ‘‘പലിശ തിന്നുന്നവനെയും അത് തീറ്റുന്നവനെയും അതിന്റെ ഇരു സാക്ഷികളെയും അതിന്റെ എഴുത്തുകാരെയും നബി (ﷺ) ശപിച്ചിരിക്കുന്നു. അവരെല്ലാം സമമാണെന്നും അവിടുന്ന് പറഞ്ഞിരിക്കുന്നു’’. (മുസ്ലിം, തിർമിദി).

പലിശ പുതിയൊരു ചൂഷണ മാർഗമല്ല. പണ്ടേ അതു ണ്ട്. എന്നാൽ വർത്തമാന കാലലോകം പലിശയുടെ നീരാ ളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുകയാണ്. അതിഭീകരമായ ഒരു ഭീഷണിയാണതിന്ന്. വ്യക്തികൾക്കും രാജ്യങ്ങൾക്കുമെല്ലാം. അതിന്റെ കെണിയിൽ പെട്ടവർ അതി ൽ നിന്നും രക്ഷനേടാൻ കഴിയാതെ കുടുങ്ങിക്കിടക്കുന്നു.

ഇസ്‌ലാം പലിശയെ നിഷിദ്ധമാക്കിയ മതമാണ്. വിനാ ശകരമായ ഏഴു മഹാപാപങ്ങളിൽ ഒന്നായി നബി(ﷺ) പലിശ യെ എണ്ണിയിട്ടുണ്ട്. ബുദ്ധിമുട്ടുന്നവന്റെ ദയനീയാവസ്ഥയെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നവരാണ് പലിശക്കാർ.

( الَّذِينَ يَأْكُلُونَ الرِّبَا لاَ يَقُومُونَ إِلاَّ كَمَا يَقُومُ الَّذِي يَتَخَبَّطُـهُ الشَّـيْطَانُ مِـنَ الْمَسِّ ذَلِكَ بِأَنَّهُمْ قَالُواْ إِنَّمَا الْبَيْعُ مِثْلُ الرِّبَا وَأَحَلَّ اللّهُ الْبَيْعَ وَحَرَّمَ الرِّبَـا فَمَـن جَاءهُ مَوْعِظَةٌ مِّن رَّبِّهِ فَانتَهَىَ فَلَهُ مَا سَلَفَ وَأَمْـرُهُ إِلَى اللّهِ وَمَـنْ عَادَ فَأُوْلَئِـكَ أَصْحَابُ النَّارِ هُمْ فِيهَا خَالِدُونَ ) ( البقرة: ٢٧٥ )

“പലിശ തിന്നുന്നവൻ പിശാച് ബാധ നിമിത്തം മിറ ഞ്ഞുവീഴുന്നവൻ എഴുന്നേൽക്കുന്നവനെപ്പോലെയല്ലാതെ എഴുന്നേൽക്കുകയില്ല. കച്ചവടവും പലിശ പോലെത്തന്നെ യാണ് എന്ന് അവർ പറഞ്ഞതിന്റെ ഫലമത്രെ അത്. എന്നാ ൽ കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷിദ്ധ മാക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനാൽ അല്ലാഹുവി ന്റെ ഉപദേശം വന്നുകിട്ടിയിട്ട് (അതനുസരിച്ച്) വല്ലവനും (പലിശയിൽ നിന്ന്) വിരമിച്ചാൽ അവൻ മുമ്പ് വാങ്ങിയത് അവന്നുള്ളത് തന്നെ. അവന്റെ കാര്യം അല്ലാഹുവിന്റെ തീരുമാനത്തിന്ന് വിധേയമായിരിക്കുകയും ചെയ്യും. ഇനി ആരെങ്കിലും (പലിശയിടപാടുകളിലേക്ക്) മടങ്ങുകയാണെ ങ്കിൽ അവരത്രെ നരകാവകാശികൾ. അവരതിൽ നിത്യവാ സികളായിരിക്കും” (ബഖറ: 275).

മുതൽ മുടക്കി ആദായം എടുക്കലാണ് പലിശ. അത് തെറ്റാണെങ്കിൽ കച്ചവടവും തെറ്റല്ലേ? അതും ആദായ മെടു ക്കൽ തന്നെയാണല്ലോ. എന്നിരിക്കെ പലിശ വാങ്ങൽ തെറ്റും കച്ചവടം ചെയ്യൽ തെറ്റില്ലാത്തതുമാകുന്നതെങ്ങനെ?' എന്നൊക്കെയുള്ള ചോദ്യങ്ങൾ അന്നും ഇന്നും പലിശക്കാ രിൽ നിന്ന് ഉയർന്നിട്ടുണ്ട്, ഉയരുന്നുണ്ട്. പലിശ വാങ്ങുക എന്ന അക്രമത്തിനു പുറമെ അതിനെ ന്യായീകരിക്കുക എന്ന അക്രമമാണീ ചോദ്യങ്ങൾ. എന്നാൽ അല്ലാഹു വ്യക്തമാക്കി:

( وَأَحَلَّ اللَّهُ الْبَيْعَ وَحَرَّمَ الرِّبَا ) ( البقرة : ٢٧٥ )

“കച്ചവടം അല്ലാഹു അനുവദിക്കുകയും പലിശ നിഷി ദ്ധമാക്കുകയുമാണ് ചെയ്തിട്ടുള്ളത്” (ബഖറ: 275).

പലിശ നിഷിദ്ധമാക്കിക്കൊണ്ടുള്ള കൽപ്പന വരുന്നതിന് മുമ്പ് നടത്തിയിട്ടുള്ള പലിശയിടപാടുകളിൽ നിശ്ചയപ്രകാരം ബാക്കി കിട്ടാനുള്ളതൊന്നും മേലിൽ വസൂലാക്കരുതെന്നും അത് മുഴുവൻ ഉപേക്ഷിക്കുക തന്നെ വേണമെന്നും ഖുർആൻ കൽപ്പിക്കുന്നു. ഇസ്ലാമിലേക്ക് കടന്നുവരുന്ന

വ്യക്തികളും അന്നുവരെ പലിശ വാങ്ങുന്നവരായിരുന്നുവെങ്കിൽ ശേഷം കിട്ടാനുള്ളത് വർജ്ജിക്കേണ്ടതാണ്.

( يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ وَذَرُواْ مَا بَقِيَ مِنَ الرِّبَا إِن كُنتُم مُّؤْمِنِينَ، فَإِن لَّمْ تَفْعَلُواْ فَأْذَنُواْ بِحَرْبٍ مِّنَ اللّهِ وَرَسُولِهِ وَإِن تُبْتُمْ فَلَكُمْ رُؤُوسُ أَمْوَالِكُمْ لاَ تَظْلِمُونَ وَلاَ تُظْلَمُونَ ) ( البقرة: ٢٧٨ ، ٢٧٩ )

''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, പലിശ വകയിൽ ബാക്കി കിട്ടാനുള്ളത് വിട്ടുകളയുകയും ചെയ്യേണ്ടതാണ്. നിങ്ങൾ (യഥാർഥ) വിശ്വാസികളാണെങ്കിൽ. നിങ്ങൾ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും പക്ഷത്തു നിന്ന് (നിങ്ങൾക്കെതിരിലുള്ള) സമര പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞുകൊള്ളുക. നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുകയാണെങ്കിൽ നിങ്ങളുടെ മൂലധനം നിങ്ങൾക്കു തന്നെ കിട്ടുന്നതാണ്. നിങ്ങൾ അക്രമം ചെയ്യരുത്. നിങ്ങൾ അക്രമിക്കപ്പെടുകയും അരുത്'' (ബഖറ: 278, 279).

( يَا أَيُّهَا الَّذِينَ آمَنُواْ لاَ تَأْكُلُواْ الرِّبَا أَضْعَافًا مُّضَاعَفَةً وَاتَّقُواْ اللّهَ لَعَلَّكُمْ تُفْلِحُونَ ) ( آل عمران: ١٣٠ )

''സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം'' (ആലു ഇംറാൻ:130)

( يَمْحَقُ اللّهُ الْرِّبَا وَيُرْبِي الصَّدَقَاتِ وَاللّهُ لاَ يُحِبُّ كُلَّ كَفَّارٍ أَثِيمٍ ) ( سورة البقرة : ٢٧٦ )

''അല്ലാഹു പലിശയെ ക്ഷയിപ്പിക്കുകയും ദാനധർമ്മങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. യാതൊരു നന്ദി കെട്ട ദുർവൃത്തനെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല''
(ബഖറ: 276).

സുഖത്തോടും സംതൃപ്തിയോടുമുള്ള ജീവിതം, സമൂഹത്തിൽ മാന്യതയും അന്തസ്സും ഉണ്ടായിരിക്കുക, ജനങ്ങളുടെ സ്നേഹാദരവുകൾ ലഭിക്കുക, മുതലായ കാര്യങ്ങളൊക്കെ ധനം മൂലം ഇഹലോകത്തിൽ ലഭിക്കാനിടയുള്ള നേട്ടങ്ങളാണ്. പലിശക്കാർക്കാകട്ടെ ഇതൊന്നും ലഭിക്കാനിടയില്ല. ധനം വർദ്ധിക്കും തോറും പിശുക്കും ആർത്തിയും സമാധാനക്കുറവും വർധിക്കും. ഒപ്പം ജനങ്ങളുടെ വെറുപ്പും ശത്രുതയും കൂടിക്കൊണ്ടുമിരിക്കും. പലിശക്കാർക്കാകട്ടെ ആ ധനം കൊണ്ട് പരലോകത്ത് യാതൊരും ഉപകാരവും ലഭിക്കുകയില്ല. നല്ല കാര്യങ്ങളിൽ ചിലവഴിച്ചാലും അത് നിഷിദ്ധമായ സമ്പാദ്യം കൊണ്ടായതിനാൽ അതിന് പുണ്യം ലഭിക്കില്ല. നിഷിദ്ധമായ ധനം കൊണ്ട് ചെയ്യുന്ന കാര്യങ്ങൾ ദോഷകരമായി ഭവിക്കുകയും ചെയ്യും.

എന്നാൽ ധർമ്മിഷ്ഠന്റെ ചിലവഴിക്കൽ അല്ലാഹുവിങ്കൽ വമ്പിച്ച പ്രതിഫലം ലഭിക്കുന്ന ഒരു പുണ്യകർമ്മമായിരിക്കും. അവന്റെ ധർമ്മങ്ങളെ അല്ലാഹു വളർത്തി വലുതാക്കും. ധനം കുറഞ്ഞുപോയാലും ഉള്ളതിൽ സംതൃപ്തിയും സമാധാനവും അവനുണ്ടായിരിക്കും. ജനങ്ങൾക്കാകട്ടെ അയാളോട് സ്നേഹവും ബഹുമാനവും വർധിച്ചുകൊണ്ടേയിരിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ പറയുന്നു:

( قُل لاَّ يَسْتَوِي الْخَبِيثُ وَالطَّيِّبُ وَلَوْ أَعْجَبَكَ كَثْرَةُ الْخَبِيثِ ) ( المائدة: ١٠٠ )

‘‘പറയുക: നല്ലതും ദുഷിച്ചതും സമമാവുകയില്ല– ദുഷിച്ചതിന്റെ ആധിക്യം നിന്നെ അൽഭുതപ്പെടുത്തിയാലും ശരി’’ (മാഇദ: 100).

( وَمَن يَقْتَرِفْ حَسَنَةً نَّزِدْ لَهُ فِيهَا حُسْنًا ) ( الشورى : ٢٣ )

‘‘ആരെങ്കിലും ഒരു നല്ല കാര്യം ചെയ്തുവെച്ചാൽ അതിൽ അവന് നാം വർധിപ്പിച്ചുകൊടുക്കുന്നതാണ്’’ (42: 23).

وصلّى الله على نبينا محمّد وآله وصحبه وسلّم

************